"ഭരണഭാഷ-മാതൃഭാഷ"

No: DWCD/924/2022-ICDSB7

വനിത ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 31/03/2022
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

## പരിപത്രം

വിഷയം:- വനിതാ ശിശുവികസന വകുപ്പ്- നാഷണൽ ക്രഷ് സ്കീം - സംസ്ഥാനത്ത് താപനില ഉയരുന്ന സാഹചര്യത്തിൽ ക്രഷുകളിൽ സ്വീകരിക്കേണ്ട മുൻകരുതൽ സംബന്ധിച്ച്:-

സൂചന:- 10/02/2022 തീയതിയിലെ DWCD/367/2022-ICDS B7 നമ്പർ സർക്കുലർ

സംസ്ഥാനത്ത് വേനൽ കാല താപനില ഉയരുന്ന സാഹചര്യത്തിൽ ക്രഷുകളിൽ ചുവടെ പരാമർശിക്കുന്ന മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്.

1. ക്രഷുകളിലെ കുട്ടികളെ രാവിലെ 10 AM മുതൽ വൈകീട്ട് 3. 30 PM വരെയുള്ള സമയത്ത് ക്രഷിനു പുറത്തുള്ള പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുവാൻ പാടുള്ളതല്ല.
2. ക്രഷുകൾക്കുള്ളിൽ വായു സഞ്ചാരം ഉറപ്പുവരുത്തേണ്ടതാണ്.
3. കുട്ടികൾ ആവശ്യത്തിന് വെള്ളം കുടിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.
4. തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ കുട്ടികൾക്ക് നൽകുവാൻ പാടുള്ളൂ.
5. കുട്ടികൾക്ക് കഴിവതും ഉപ്പിട്ട കഞ്ഞിവെള്ളം, നാരങ്ങാവെള്ളം, മോരുവെള്ളം എന്നിവ നൽകുക
6. കുട്ടികൾക്ക് നൽകുന്ന ഭക്ഷണത്തിൽ പഴവർഗങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.
7. ക്രഷുകളിൽ ഫാൻ സൗകര്യം ഉറപ്പാക്കുന്നതിന് NGOs പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
8. കഴിവതും കോട്ടൺ വസ്ത്രങ്ങൾ ധരിപ്പിച്ച് കുട്ടികളെ ക്രഷുകളിൽ എത്തിക്കുന്നതിന് രക്ഷിതാക്കളോട് നിർദ്ദേശിക്കേണ്ടതാണ്.
9. കുട്ടികൾ പുറത്തിറങ്ങുമ്പോൾ കുട, തൊപ്പി, ചെരുപ്പ് മുതലായവ ഉപയോഗിക്കുന്നതിന് നിർദ്ദേശിക്കണം.
10. ഉഷ്ണതരംഗവുമായി ബന്ധപ്പെട്ട അസുഖങ്ങളുടെ ലക്ഷണങ്ങൾ കുട്ടികളിൽ കണ്ടാൽ ഉടൻ അടുത്തുള്ള ആരോഗ്യകേന്ദ്രവുമായി ബന്ധപ്പെടുക.
11. ആരോഗ്യ വകുപ്പ് നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

Nisha.V.S

വനിത ശിശു വികസന ഡയറക്ടർക്ക് വേണ്ടി

ജനറൽ സെക്രട്ടറി, KSCCW
എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും
NGO പ്രതിനിധികൾക്ക് (CDPO മാർ മുഖേനെ)